# വനത്തിലെ കളപറിക്കൽ തുടരാമെന്ന് ഹൈക്കോടതി: പിഴുതുമാറ്റുന്നതും വനങ്ങളിലെ ജൈവസമ്പത്ത്

ജയൻ.പി.എം.

കൊച്ചി:വനമേഖലയെ ബാധിക്കുന്ന സുപ്രധാനമായ ഒരു ഉത്തരവ് 2001 മെയ്31 ന് ഹൈക്കോടതി ഇറക്കുകയുണ്ടായി. ലോകബാങ്ക് ധനസഹായത്തോടെ നടത്തിവരുന്ന കേരള വനവൽക്കരണ പദ്ധതിക്കെതിരെ പൊതു താൽപര്യഹർജിയിൽ അന്വേഷണം നടന്നുകൊണ്ടിരിക്കെയായിരുന്നു ഉത്തരവ്. പദ്ധതിനടത്തിപ്പിന്റെ ഭാഗമായി വനമേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന കള പറിച്ചുമാറ്റൽ (Weeding) പ്രക്രിയക്ക് അനുമതി നൽകിയാണ് ഉത്തരവ്. കള പറിച്ചുമാറ്റലിലൂടെ ഒട്ടേറെ പാരിസ്ഥിതികനാശം സംഭവിക്കുന്നതിനാൽ അത് നിർത്തിവെക്കണമെന്നായിരുന്നു ഹർജിക്കാരന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്ന്. കോടതി ഇത് അംഗീകരിച്ചില്ല.

കേരള വനവൽക്കരണ പദ്ധതിയുടെ മറവിൽ നടക്കുന്ന ഒട്ടേറെ അപാകതകളും പരിസ്ഥിതി പ്രശ്നവും മനസ്സിലാക്കി കഴിഞ്ഞ ഡിസംബർ 20നാണ് നിയമവേദി ഹൈക്കോടതിയിൽ പൊതുതാൽപര്യഹർജി കൊടുത്തത്. ഇതിന്റെ ഫലമായി ഹൈക്കോടതി 15 അംഗകമ്മീഷനെ അന്വേഷണത്തിനു നിയമിച്ചു. ഇതിൽ കാസർഗോഡ്, കണ്ണൂർ വനമേഖലയിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ ബലത്തിലാണ് ജസ്റ്റിസ് കെ. കെ. ഉഷ ഉത്തരവിറക്കിയത്. മറ്റു മേഖലയിലെ അന്വേഷണം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. നശിച്ചുകൊണ്ടിരിക്കുന്ന കാടിനെ പുനരുജ്ജീവിപ്പിക്കാൻ ലോകബാങ്കിന്റെ ഇറക്കുമതി പദ്ധതിയുടെ പേരാണ് കേരളവനവൽക്കരണപദ്ധതി. 1998 മുതലാണ് ഇത് തുടങ്ങിയത്. മുടക്കുന്ന പണം 183 കോടിരൂപയാണ്. കാട് നശിച്ചുപോയ സ്ഥലത്ത് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. പ്രധാന ചുമതലക്കാർ കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റാണ്.

**പദ്ധതിക്കെതിരെ പൊതുതാൽപര്യഹർജി**

കൊച്ചിയിലെ നിയമവേദിക്ക് വേണ്ടി അഡ്വ. എ. എക്സ്. വർഗ്ഗീസാണ് ഹർജി ഹൈക്കോടതിയിൽ സമർപ്പിച്ചത്. വർഗ്ഗീസിനെ ഹർജികൊടുക്കാൻ പ്രേരിപ്പിച്ച പ്രധാനിയാണ് ഇടുക്കിയിലെ പരിസ്ഥിതി സ്നേഹിയും ഒറ്റയാൾ പ്രവർത്തകനുമായ സജി. 1998 മുതൽ തുടങ്ങിയ പദ്ധതിനടപ്പിന്റെ മറവിൽ നടക്കുന്ന വനനശീകരണത്തിന്റേയും വെട്ടിയിട്ട വൃക്ഷങ്ങളുടേയും ഒട്ടേറെ ഫോട്ടോകൾ സജീവ് നിയമവേദിക്ക് അയച്ചുകൊടുത്തിരുന്നു.

പദ്ധതി നടത്തിപ്പിന്റെ മറവിൽ കേരളത്തിലെ നിത്യഹരിതവനങ്ങൾ, അർദ്ധനിത്യഹരിതവനങ്ങൾ, ചോലക്കാടുകൾ, അടിക്കാടുകൾ, പുൽമേടുകൾ, എന്നിവ നശിപ്പിക്കുന്നതിലൂടെ വൻ പരിസ്ഥിതിപ്രശ്നമുണ്ടാകുന്നു. പോരാത്തതിന് സാമ്പത്തികമായ തട്ടിപ്പുകളും ഇതിനുപിന്നിൽ നടക്കുന്നു.



വനം സംരക്ഷിക്കാൻ ഇത്തരം പദ്ധതിയുടെ ആവശ്യമില്ലെന്നാണ് വർഗ്ഗീസിന്റെ അഭിപ്രായം. കാലികൾ വനമേഖലയിൽ അലയുന്നത്, കാട്ടുതീ, മനുഷ്യരുടെ അമിതമായ ഇടപെടൽ, മരംമുറി എന്നിവ നിയന്ത്രിച്ചാൽതന്നെ വനം സ്വാഭാവികമായി വളരും. കളപറിക്കൽ നിർത്തി വെക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

**കോടതി ഉത്തരവുകൾ**

2001 ഡിസംബർ 20 ന് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയുടെ ഫലമായി 22-ാം തിയ്യതി തന്നെ പദ്ധതിനടത്തിപ്പ് തൽക്കാലത്തേക്ക് നിർത്തിവെക്കാനുള്ള ആദ്യത്തെ ഉത്തരവിറങ്ങി. അതോടൊപ്പം അന്വേഷണത്തിനായി 15 അംഗകമ്മീഷനെ കോടതി നിയമിച്ചു. വയനാട്, കണ്ണൂർ, കാസർഗോഡ്, ഹൈറേഞ്ച്, ഇടുക്കി എന്നിങ്ങനെ വനമേഖല വേർതിരിച്ചായിരുന്നു അന്വേഷണം. കണ്ണൂർ, കാസർഗോഡ് മേഖലയിൽ അന്വേഷണത്തിനുപോയ കമ്മീഷന്റെ ചുമതല അഡ്വ. സഹസ്രനാമനാണ്. ഇദ്ദേഹത്തിന്റെ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിന്റെ ഭാഗമായി മെയ് 31 ന് ഹൈക്കോടതി കള പറിച്ചുമാറ്റുന്നതിനെ അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കി.

കമ്മീഷന്റെ കൺവീനറായ സഹസ്രനാമൻ പറയുന്നതിങ്ങനെയാണ്: "കള പറിച്ചുമാറ്റുന്നതിന്റെ ആവശ്യകതയെക്കുറിച്ച് എഴുതിയത് തങ്ങളോടൊപ്പം വന്ന ശാസ്ത്രജ്ഞർ പറഞ്ഞ പ്രകാരമാണ്. ചെറിയ വൃക്ഷത്തൈകളെ വളരാൻ അനുവദിക്കാത്ത വിധം കളകൾ പടർന്നു പിടിക്കുന്നുണ്ട്. ഇത്തരം കളകൾ മുറിച്ചു മാറ്റേണ്ടത് അത്യാവശ്യമാണ്.''

എന്നാൽ കളകൾ വെട്ടിമാറ്റുകയാണ് (Knife Weeding) ചെയ്യുന്നതെന്നും ഇതിലൂടെ മറ്റ് പല അമൂല്യസസ്യങ്ങളും നശിച്ചുപോകുമെന്നും ഹർജിക്കാരൻ പറയുന്നു. ആവശ്യമെങ്കിൽതന്നെ പിഴുതിമാറ്റുന്ന പ്രക്രിയയാണ്(Selected Weeding) ശാസ്ത്രീയം.

**വയനാട് മേഖല**

അഡ്വ. ജ്ഞാനശേഖരന്റെ നേതൃത്വത്തിൽ വയനാട് മേഖലയിൽ അന്വേഷണം നടത്തിയ കമ്മീഷൻ റിപ്പോർട്ട് ഹർജിക്കാരന് അനുകൂലമായിരുന്നു.

കേരള വനവൽക്കരണപദ്ധതി എന്ന പ്രോജക്ട് ആവശ്യപ്പെടുന്ന പല മാർഗ്ഗങ്ങളും നേരാംവണ്ണം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടില്ലെന്ന് ജ്ഞാനശേഖരൻ. "60% മാത്രം കൃത്യതയുള്ള സാറ്റലൈറ്റ് മാപ്പ് ഉപയോഗിച്ചാണ് തൈ നടന്ന സ്ഥലം തെരഞ്ഞെടുത്തത്. പല രേഖകളും ധൃതഗതിയിൽ തട്ടിക്കൂട്ടിയാണ് ഞങ്ങൾക്ക് മുൻപിൽ സമർപ്പിച്ചത്".

അതാത് സ്ഥലത്തെ നാട്ടുകാരുടെ ഒരു കമ്മിറ്റി ഉണ്ടാക്കി അവരുടെ പങ്കാളിത്തത്തോടെ മാത്രമേ പദ്ധതി നടപ്പാക്കാവൂ എന്ന് പ്രോജക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. ഇത് പലേടത്തും പ്രാബല്യത്തിലില്ല.

"നാലഞ്ച് ആദിവാസികളെ സംഘടിപ്പിച്ച് ഇത് കമ്മിറ്റിയാണെന്ന് പറഞ്ഞ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഞങ്ങടെ മുന്നിൽ എത്തിച്ചു. അവരോട് പദ്ധതിയെക്കുറിച്ച് ചോദിച്ചപ്പോൾ അവർക്ക് ഒന്നും അറിയില്ലായിരുന്നു-"കമ്മീഷനിൽ അംഗമായിരുന്ന അഡ്വ. ആനന്ദിയുടെ വാക്കുകളാണിത്.

എന്നാൽ പാപനാശിനിക്കടുത്ത് വാകയേരി എന്ന സ്ഥലത്ത് ഒരു കമ്മിറ്റി ഉണ്ടായിരുന്നതായി ജ്ഞാനശേഖരൻ പറഞ്ഞു. അത് കൊണ്ട്തന്നെ അവിടെ ഒന്നുകൂടി നല്ല രീതിയിൽ കാര്യങ്ങൾ നടക്കുന്നു. ഇവിടേയും കമ്മിറ്റിയുടെ തലവൻ ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ ബന്ധുവാണെന്നത് ശ്രദ്ധേയമാണ്.

**വെട്ടിമാറ്റുന്നത് വനസമ്പത്ത്**

ലോകത്തിൽ 18 ജൈവവൈവിധ്യ കലവറയുള്ളതിൽ ഒന്നാണല്ലോ നമ്മുടെ പശ്ചിമഘട്ടം. ഇവിടെ 400 തരം പുഷ്പങ്ങളുണ്ട്. 3,800 തരം മറ്റ് സസ്യങ്ങളുണ്ട്.

കാരിയിലാഞ്ചിരി, ഇതിരോം, കാട്ടുമുല്ല, പാടക്കിഴങ്ങ്, കിലുക്കാംപെട്ടി, എച്ചിൽതാളി, ഏട്ടല, പേഴ്, പാണൽ, ചെറുകടലാടി, കുറുന്തോട്ടി എന്നിങ്ങനെ സസ്യങ്ങളും പൂവും, എടല, കളിർമാവ്, കാട്ടുകടുക്ക, മരോട്ട്, മുള്ളൻചക്ക, ചോരപാലി, കൊന്ന, ഈട്ടി, മാവ് എന്നീ മരങ്ങളുമാണ് വയനാട്ടിൽ കണ്ടത്.

**പരാജയപ്പെട്ട മറ്റൊരു പദ്ധതി**

1984 മുതൽ നടപ്പാക്കിയ ആദ്യത്തെ വനവൽക്കരണ പദ്ധതി പരാജയപ്പെട്ടതായി ലോകബാങ്ക് തന്നെ അവരുടെ പുതിയ പ്രോജക്ടിൽ പറയുന്നുണ്ട്. പരാജയകാരണം വിലയിരുത്തുന്നത് ഇപ്രകാരമാണ്.

1. പദ്ധതി ജനങ്ങളുടെ കൂടി ആവശ്യമാണെന്ന തലത്തിലേക്ക് ഉയർന്നില്ല.
2. തൈകൾ വെച്ചുപിടിപ്പിക്കേണ്ട സ്ഥലങ്ങൾ തെരഞ്ഞെടുത്തതിൽ പാളിച്ച പറ്റി.
3. വൃക്ഷതൈകളുടെ ഗുണത്തേക്കാളുപരി എത്ര എണ്ണം നട്ടു എന്നതിലായിരുന്നു ശ്രദ്ധ.